# സി.എം.എസ്.എച്ച്.എസ്.എസ്
# കുഴിക്കാല

# അക്കാദമിക മാസ്റ്റർപ്ലാൻ 2025

## അറിവും ആനന്ദവും സമന്വയിക്കുന്നു...

### ദർശനപ്രസ്താവന

കുട്ടികളുടെയും മാതാപിതാക്കളുടെയും പൊതുസമൂഹത്തിന്റെയും, സാമൂഹികവും മാനസികവും സാംസ്കാരികവും ബൗദ്ധികവും പാരിസ്ഥിതികവും സർഗ്ഗാത്മകവുമായ സമഗ്ര വികസനത്തിനും സുസ്ഥിര പരിപാലനത്തിനും അവിരാമം ലക്ഷ്യമിടുന്ന സമ്പൂർണ്ണ സംതൃപ്ത സമഗ്ര ഗുണമേന്മ വിദ്യാലയം.

# സി.എം.എസ്.എച്ച്.എസ്.എസ്
# കുഴിക്കാല

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

### വിദ്യാലയ ചരിത്രം:-

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിക്കും ഇലവുംതിട്ടയ്ക്കും ഇടയിൽ കുഴിക്കാല എന്ന ഗ്രാമത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ 1854 ൽ മാവേലിക്കര കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ജോസഫ് പീറ്റ് എന്ന സി.എം.എസ് മിഷനറിയാണ് ആരംഭിക്കുന്നത്. 1886 മാർച്ച് 22 ന് കുഴിക്കാലയിൽ ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആരംഭിച്ചു. എങ്കിലും ഉയർന്ന പഠനത്തിന് തല്പരരായ കുട്ടികൾക്ക് കോഴഞ്ചേരി വരെ [illegible] നടന്ന് സഞ്ചരിച്ച് പോകേണ്ടിവന്നതിനാൽ ശ്രീ.സി.കെ ജോർജ്ജ് മിസ്റ്റർ സ്കൂളിന്റെ ഹെഡ്മാസ്റ്റർ ആയിരുന്നപ്പോൾ ആണ് ഒരു ഹൈസ്കൂളിനായുള്ള ശ്രമം ആരംഭിച്ചത്. അദ്ദേഹത്തിന്റെ ശ്രമഫലമായി അന്നത്തെ തിരുവിതാംകൂർ സ്റ്റേറ്റ് വിദ്യാഭ്യാസ ഡയറക്ടർ Mr. Yur M.A യെ നേരിൽ കണ്ട് ഒരു അപേക്ഷ സമർപ്പിച്ചു. ആ അപേക്ഷ അംഗീകരിച്ച് കുഴിക്കാലയിൽ ഒരു ഹൈസ്കൂൾ അനുവദിച്ചു കിട്ടി. കുഴിക്കാട്ടിൽ ശ്രീ. കെ.കെ തോമസ് ആണ് ഹൈസ്കൂളിന് ആവശ്യമായ സ്ഥലം സൗജന്യമായി വിട്ടുനൽകിയത്. സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ പണം സ്വരൂപിക്കുന്നതിന് നേതൃത്വം നൽകിയത് ശ്രീ. P.C തോമസ് സാർ, ശ്രീ. V.K. കോശി സാർ, ശ്രീ കുഞ്ഞൻ സാർ, ശ്രീ. C. തോമസ് സാർ എന്നിവർ ആയിരുന്നു. 1948 ജനുവരി 30 ന് ബിഷപ് C.K. ജേക്കബ് തിരുമേനി കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തി. 2010 ൽ ഈ വിദ്യാലയം ഹയർസെക്കൻഡറി സ്കൂൾ ആയി ഉയർത്തപ്പെട്ടു. കുഴിക്കാലയിലും ചുറ്റുമുള്ള ദേശങ്ങളിലെ അനേകർക്ക് അറിവ് പകർന്ന് ഈ വിദ്യാലയം മുന്നോട്ട് പോകുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## പൊതു ലക്ഷ്യങ്ങൾ

2022 മുതൽ ആരംഭിച്ച വിദ്യാലയ വികസന പദ്ധതിയും ഗുണമേന്മ വികസന പദ്ധതിയും കൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ വിദ്യാലയത്തെ സമ്പൂർണ്ണ സാങ്കേതിക മികവുള്ള ഗുണമേന്മയുള്ള വിദ്യാലയം ആക്കി മാറ്റുക എന്നതാണ് പൊതു ലക്ഷ്യം. ഇരുപത്തൊന്നാം ശേഷികൾ ആയി കണക്കാക്കുന്ന (Milenium Skills) ആശയവിനിമയശേഷി, വിമർശനചിന്ത, സർഗാത്മകത (Communication, Critical thinking, Creativity) എന്നിവ കുട്ടികളിൽ വളർത്തി അക്കാദമികവും അക്കാദമികേതരവും ആയ മേഖലകളിൽ ഉയർന്ന ഗുണമേന്മ നേടിയ കുട്ടികളും, മാനവികതയുള്ളവരും, ആരോഗ്യമുള്ളവരും 'സ്വന്തം കാലിൽ നിൽക്കാൻ' പ്രാപ്തരുമായ സമൂഹത്തെ' വാർത്തെടുക്കുക, സൃഷ്ടിക്കാനുള്ള ശ്രമത്തിലാണ് ഞങ്ങൾ. അതിനായി വിദ്യാലയത്തിൽ കുട്ടികൾക്ക് ആവശ്യമായ അന്താരാഷ്ട്ര നിലവാരമായി വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, നൂതനമായ പഠനാന്തരീക്ഷം വിദ്യാലയ തലത്തിൽ ഒരുക്കുക, ഈ നൂറ്റാണ്ടിന്റെ ശേഷികൾ കുട്ടികളിൽ വികസിപ്പിക്കുന്നതിന് ഉതകുന്ന ഇടം. അന്താരാഷ്ട്ര നിലവാരമുള്ള, വിദ്യാലയം സൃഷ്ടിച്ചെടുക്കുക. പഠന സാഹചര്യങ്ങൾ ഒരു പരിധിവരെ സജ്ജീകരിക്കുക. തുടങ്ങി നിരവധി ലക്ഷ്യങ്ങൾ ആണ് മുന്നോട്ട് വെക്കുന്നത്.

# പൊതു അക്കാദമിക മാസ്റ്റർ പ്ലാൻ

## വിദ്യാലയം പൊതുവായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

### അക്കാദമികം -

* അറിവ് നിർമ്മാണം ഓർമ്മ കൂടുതൽ പ്രവർത്തനങ്ങളിലൂടെയും ലഭ്യമാക്കാൻ ശ്രമിക്കും. പ്രവർത്തനങ്ങൾ കൂടുതൽ ഓർമ്മ ഉള്ളതും കുട്ടികൾക്ക് ഗുണകരവും ആവണം എന്ന് ഉറപ്പാക്കുക.
* ICT സാങ്കേതിക വിദ്യകളുടെയും AI സാങ്കേതികവിദ്യയുടെയും ഉപയോഗത്തിലൂടെ പഠനം കൂടുതൽ ലളിതമാക്കിത്തീർക്കുക.
* കുട്ടികളുടെ ഗ്രൂപ്പ് പ്രവർത്തനങ്ങളും വീട്ടിലെ പ്രവർത്തനങ്ങളും മെന്ററിംഗിനെ വിലയിരുത്തുന്നതിനും കുട്ടികൾക്കും രക്ഷിതാക്കൾക്കും സഹായിക്കുന്ന Moving diary നടപ്പിലാക്കി.
* കുട്ടികൾക്ക് പഠിക്കാനുള്ള ഒരു ദിവസത്തെ പ്രവർത്തനങ്ങൾ അറിയുന്നതിന് വീട്ടിൽ ലഭ്യമാക്കുന്ന വാട്സ്ആപ്പ് സന്ദേശം "പുലർവെട്ടം".
* ആഴ്ചയിൽ നൽകുന്ന Monthly ടെസ്റ്റുകൾ, Class PTA കൾ, ഓൺലൈൻ രക്ഷാകർതൃ അവബോധ പരിപാടികൾ
* കുട്ടികളുടെ ഒരു വർഷത്തെ പഠന പ്രവർത്തനങ്ങളും ആവശ്യമായ രേഖകളിൽ സൂക്ഷിച്ചു വച്ച് കുട്ടികളുടെ പുരോഗതി വിലയിരുത്താൻ ആയി ഓരോ കുട്ടിക്കും Portfolio.
* അധ്യാപകർക്ക് സ്വയം അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി സ്വയം മെച്ചപ്പെടുത്തുന്നതിന് Teacher Self Evaluation ഫോർമ. Performa ഫോമും തയ്യാറാക്കി നൽകുന്നു

## അക്കാദമികേതരം:-

* പഠനത്തോടൊപ്പം കുട്ടികളിൽ സർഗ്ഗശേഷികൾ വളർത്തുന്നതിന് സഹായകരം ആയ തരത്തിൽ വിദ്യാലയത്തെ Art lab ആക്കി മാറ്റാൻ 'സർഗ്ഗാലയം' എന്ന പദ്ധതി 2023 മുതൽ നടപ്പാക്കി വരുന്നു. കരാട്ടേ, ചെണ്ട, ശാസ്ത്രീയ സംഗീതം, കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്/ഹിന്ദി, Creative writing, പ്രസംഗകല, നാടകാഭിനയം, എന്നീ മേഖലകളിൽ കുട്ടികൾക്ക് വിദഗ്ദ്ധമായ പരിശീലനം നൽകാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ് 'സർഗ്ഗാലയം'.-
* വർഷങ്ങൾക്ക് മുൻപ് നഷ്ടമായിരുന്ന സ്കൂൾ ബാൻഡ് ട്രൂപ്പ് ഒന്ന് പ്രവർത്തനങ്ങൾ വീണ്ടും 2025 മുതൽ മികവിൽ ആരംഭിക്കാൻ കഴിഞ്ഞു. "CMS Beatmakers"
* മികച്ച സിനിമകളെയും ഷോർട്ട് ഫിലിമുകളെയും കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിന് 'Magic Lantern' Film ക്ലബ് ഒന്ന് പ്രവർത്തനങ്ങൾ 2024 ൽ ആരംഭിച്ചു. ഇതിന്റെ ഭാഗമായി ഷോർട്ട് ഫിലിം ഫെസ്റ്റിവലുകൾ, ഫിലിം ഫെസ്റ്റിവലുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.
* Foot Ball ക്യാമ്പ് കുട്ടികൾക്ക് പരിശീലനം നൽകാൻ Foot Ball School പദ്ധതി.

## പാരിസ്ഥിതികം:-

* കുട്ടികളിൽ സ്വച്ഛ പരിസ്ഥിതി ബോധവും പരിസ്ഥിതി സൗഹൃദ ശീലങ്ങളും വളർത്തുന്നതിന് 15 ലക്ഷം പരിപാടി ചെലവഴിച്ചുള്ള "മാതൃകാ ഗ്രീൻ സ്കൂൾ പദ്ധതി" 2023 ൽ ആരംഭിച്ചു നടന്നു വരുന്നു
* സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ ബോധവൽക്കരണ പദ്ധതിയുടെ ഭാഗമായി ... പച്ചക്കറിത്തോട്ടം, സ്കൂൾ garden ... .

## ഭൗതികം :-

* 2022ൽ (അനുവദിച്ച വിദ്യാലയ ഭൗതിക സൗകര്യ) വികസന പരിപാടിയുടെ ഭാഗമായി സ്കൂൾ മുറ്റം Slab വാർത്ത് Garden Tile ഇട്ട് ഭംഗിയാക്കുന്ന പ്രവർത്തനം 2.50 ലക്ഷം രൂപ ചെലവഴിച്ച് 2023ൽ പൂർത്തിയാക്കി
* വിദ്യാലയത്തിലേക്ക് കയറുന്നതിനുള്ള പടികളുടെ ഇരു വശവും ഭിത്തികെട്ടി കോൺക്രീറ്റ് ചെയ്ത് വാഹനങ്ങൾ കയറ്റി സ്കൂൾ പരിസരത്ത് എത്തിക്കുന്നതിനുള്ള റോഡ് നിർമ്മാണം 2 lakh രൂപ ചെലവഴിച്ച് 2023ൽ പൂർത്തിയാക്കി
* നാല് ക്ലാസ്മുറികളുള്ള UP Hall ന്റെ സീലിംഗ് ചെയ്ത് സൗണ്ട് പ്രൂഫ് ആക്കി മാറ്റുന്നതിന് 3 lakh രൂപ ചെലവഴിച്ച് പണി 2024ൽ പൂർത്തിയാക്കി.
* Boy toilet മുഴുവൻ പൊളിച്ചെടുത്ത് പുതുക്കി പണിതു 3 lakh രൂപ മുടക്കി 2024-25 വർഷത്തിൽ പൂർത്തിയാക്കി.
* Girls toilet മുഴുവൻ പൊളിച്ചെടുത്ത് പുതുക്കി പണിയുന്നതിനും പെൺകുട്ടികൾക്ക് പുതിയ Toilet കൂടി പണിയാൻ 5 lakh രൂപ ചെലവ് പ്രതീക്ഷിക്കുന്ന പണി September മാസത്തിൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.
* UP Hall ന്റെ വരാന്ത വരെ Pitching നിർമ്മിച്ച് മുകളിൽ ചരിഞ്ഞ GI Sheet ൽ Roof നിർമ്മിച്ച് തറ Garden tile ഇട്ട് കുട്ടികൾക്ക് Dining Room നിർമ്മിക്കുന്നതിന് 2 lakh രൂപ ചെലവ് പ്രതീക്ഷിക്കുന്ന പണി 2026 ഫെബ്രുവരിയിൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

## സാമൂഹികം:-

* വിദ്യാലയത്തെ സുന്ദരവും (ശുചി) വെളിപ്പിക്കുന്നതിനും കൂടാതെ വിദ്യാലയത്തെ മാലിന്യ നിർമ്മാർജ്ജനത്തിന് ലക്ഷ്യമിട്ട് "ഹരിതശ്രീ" എന്ന പ്രോഗ്രാമും പരിപാടികൾ 2022 മുതൽ നടപ്പാക്കി വരുന്നു

* വിദ്യാലയത്തിലെ മാതാപിതാക്കളുടെയും പൂർവ്വവിദ്യാർത്ഥികളുടെയും പൂർവ്വ അദ്ധ്യാപകരുടെയും നാട്ടുകാരുടെയും ഒന്നിച്ച് കൂട്ടി [illegible] സഹകരണത്തോടെ "സർഗ്ഗ സദസ്സ്" എന്ന പ്രോഗ്രാം [illegible] 2022 മുതൽ [illegible] ആരംഭിച്ചു. പൂർവ്വ അദ്ധ്യാപക വിദ്യാർത്ഥി സംഗമം, കുട്ടികളുടെ കലാസദസ്സ്, [illegible] തുടങ്ങിയ പരിപാടികളുമായി "സർഗ്ഗ സദസ്സ്" ഒരു നാടിന്റെ ഉത്സവമായി മാറിക്കഴിഞ്ഞു.

* [illegible] എന്ന ലക്ഷ്യത്തോടെ 2024-25 വർഷത്തിൽ നടപ്പാക്കിയ പദ്ധതി ആണ് "സുകൃതം". അറിയപ്പെടാതെ പോകുന്ന പ്രയാസങ്ങൾ കുട്ടികളിൽ നിന്നും ശേഖരിച്ച് അർഹരായ വ്യക്തികൾക്ക് മാതൃകാ Publicity ഇല്ലാതെ എത്തിച്ചു കൊടുക്കുന്ന ഒരു പദ്ധതിയിലൂടെ സഹായങ്ങൾ എത്തിക്കുന്നതിന് ഉള്ള സന്നദ്ധതയ്ക്ക് കുട്ടികളെ സജ്ജരാക്കി [illegible]

## Students and Parents Strengthening Centre:-

* കുട്ടികൾക്കും മാതാപിതാക്കൾക്കും മാനസികവും ശാരീരികവും ആയ ശാക്തീകരണത്തിന് പരിശീലനത്തിന് മാസത്തിൽ [illegible] ക്ലാസുകൾ ഉപയോഗിച്ചുവരുന്നു. കുടുംബ(ശ്രീ) [illegible] "[illegible]" [illegible]

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## യു.പി. മലയാളം

### പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിഭവങ്ങൾ |
|---|---|---|---|---|
| ഓരോ വർഷത്തിനുള്ളിൽ സ്കൂൾ വികസനകാര്യത്തിന് വിഭവം. | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ദ്ധരിൽ നിന്നും പരിശീലനം (ഗണിതം, സയൻസ് വിഷയങ്ങൾ) | അവധിക്കാലം | ഹെഡ്മാസ്റ്റർ | രക്ഷിതാക്കൾ |

### മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികസ്രോതസ്സ് |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയസ്വീകരണം നടത്താനും പ്രകടനത്തിനും വിശകലനത്തിനും പഠിതാക്കളെ പ്രാപ്തരാക്കുക | വാർത്താവായന: നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. അതത് മാസത്തെ പ്രധാന സംഭവങ്ങൾ ക്വിസ്, സ്കൂൾ തലത്തിൽ പുസ്തകങ്ങൾ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | പ്രതിമാസം; വർഷത്തിൽ ഒരു പ്രാവശ്യം | മലയാളം ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| | ...ന്റെ അവധിക്കാല പഠിതാക്കൾ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപിക | |
| | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരവുമായി അനുബന്ധം ഉറപ്പുവരുത്തുന്നു | ജൂൺ മാസം | മലയാളം അധ്യാപിക | |
| | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപിക | |
| 2 പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ശീലം വളർത്തുക | പത്രം ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ഉറവിടം |
|---|---|---|---|---|
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെയുള്ളിൽ ഭാഷാ വളർത്തൽ | സംവാദം/മുഖാമുഖം<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായി യുള്ള അഭിമുഖ സംഭാഷണവും സംവാദിപ്പിക്കുന്നു. അവരുടെ വീഡിയോകൾ പ്രദർശിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ് മാസ്റ്റർ, മലയാളം അധ്യാപിക. | പി.ടി.എ |
| 4. മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗാത്മക ശേഷി വളർത്തലും | ഇ-കമ്പ്യൂട്ടിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ചെയ്യുന്നു. സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് മാഗസിൻ തയ്യാറാക്കുക. | വർഷാവസാനം | മലയാളം അധ്യാപിക | മലയാളം ക്ലബ്ബ് |
| 5. പഠിതാക്കളുടെ കലാവാസനകളെ പോഷിപ്പിക്കുക | രംഗാവിഷ്കാരം:<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടതോ കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ചു കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പിടിഎ സ്കൂൾ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 6. കുട്ടികളുടെ കാര്യശേഷി സെന്റ് തെരേസ് എച്ച്.എസ്. അവതരണ മികവ് | സെന്റ് തെരേസ് എഫ്.എം<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ തുടങ്ങിയവ അവതരിപ്പിക്കുന്നു. വായിച്ച പുസ്തകങ്ങളിൽ ഒരെണ്ണത്തിന്റെ ആസ്വാദനം തയ്യാറാക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒന്ന്. പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർ സ്കൂൾ ലീഡർ മലയാളം അധ്യാപകർ | വിവിധ ക്ലാസ്സുകൾ പി.ടി.എ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - യു.പി സോഷ്യൽ

മേഖല: യു.പി സാമൂഹ്യശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| 1 | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ. കുട്ടികൾ ഇവ പ്രയോഗിക്കാൻ നേടിയെടുക്കൽ | **അക്കുത്തിക്കുത്ത് - കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠനത്തിന്റെ അടിസ്ഥാന തല അറിവ് പരിശീലിക്കുന്നതിന് പ്രവർത്തികൾ കളികൾ ഉൾക്കൊ പരിശീലനം നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | | **ഓർമച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, സ്ഥലങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യതകൾ പ്രയോജനപ്പെടുത്തി memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3 | ജനാധിപത്യപരമായ ജീവിത സമീപനങ്ങൾ രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് നേതാവ്, വാർഡ് എന്നിവയിൽ മത്സരിക്കുക തെരഞ്ഞെടുപ്പിൽ പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4. | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി ദുരന്തം: ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ദൃശ്യങ്ങളടങ്ങിയ വീഡിയോകളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | രണ്ടാം വർഷക്കാർ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 5 | സഹജീവികളോട് സഹാനുഭാവം വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നമ്മുടെ നിരീക്ഷണവേളം പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇത്തരം വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരുമായി കൂടിക്കണ്ട് സംവാദം ചെയ്യാൻ അവസരം നൽകുന്നു. വിദ്യാനിലയത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ എത്തിച്ചുകൊടുക്കുന്നു. | രണ്ടാം വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | പി.ടി.എ |
| 6 | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെക്കുറിച്ചുള്ള സൈബർ പ്രവർത്തനങ്ങളെക്കുറിച്ചും അവ നമ്മളെ ബാധിക്കുന്നതിനെക്കുറിച്ചും ബോധവാന്മാരാക്കുന്നു | സൈബർ സെല്ലിൽ നിന്നുള്ള സാങ്കേതിക വിദഗ്ധരുടെ സഹായത്തിൽ സൈബർ സുരക്ഷ ബോധവത്കരണ ക്ലാസ്സുകളും പഠിതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനും സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു | രണ്ടാം വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 7 | സമ്പൂർണ വിജ്ഞാന കാഴ്ചപ്പാട് രൂപ പ്പെടുത്തുന്നു. | ഇതുവഴിടെ രണ്ടു ?ഭാഗിക്കും ടിപ്പ്, സർവ്വേ പരിസ്ഥിതി പഠനങ്ങൾക്ക് ഒരു നാടിന്റെ വസ്തുതകളുടെ ഉട പെടലുകൾക്ക് വിശദവിവര കാർഡുകൾ, കൃഷിയിടങ്ങൾ, ജലാശയങ്ങ ൾ, കാടുകൾ എന്നിവ സന്ദർ ശിച്ച് സർവ്വേ നടത്തി റിപ്പോർ ട്ട് തയ്യാറാക്കുന്നു. | അദ്ധ്യാപിക വർഷം | സാക്ഷര താമിഷ സഹായകർ | സാക്ഷര താമിഷ ൻ |
| 8 | സാക്ഷരതാമിഷ ൻ വിജയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പത്താം ക്ലാസ് പഠിതാക്കൾക്ക് സിവിൽ സർവ്വീസ് പരീ ക്ഷകളെഴുതാൻ പ്രാപ്തി നേടും. വിശ്വ അറിവിന്റെ വാതായനം ലോകം സൃഷ്ടി ക്കാനും, ഭവനങ്ങളിലൂടെ ടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കു ന്ന ഉത്തരങ്ങൾ നിറഞ്ഞ നേരം കൊണ്ടുവന്ന രീതി വിശദമായ ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കു ന്നു. | അഞ്ചാം ക്ലാസ് വർഷം (ഡിപ്പാർട്ട്മെന്റ്) | സാക്ഷര താമിഷ ൻ പ്രവർത്തക ർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - യു.പി. സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിഭവങ്ങൾ |
|---|---|---|---|---|---|
| 1. | ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ജൈവവൈവിധ്യപാർക്ക് ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | പിടിഎ |
| | | കണ്ടറിയാനൊരു യാത്ര. വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | രക്ഷിതാക്കൾ |
| | | പരീക്ഷണങ്ങളി നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ചെറു പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണകിറ്റുകൾ നിർമിക്കുന്നു. പരീക്ഷണങ്ങളുടെ ശേഖരം - കുറിപ്പുകൾ ഉൾപ്പെടുത്തി | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | സയൻസ് ക്ലബ്ബ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
| --- | --- | --- | --- | --- |
| 1. ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ജൈവവൈവിധ്യ പാർക്ക് ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | പി.ടി.എ |
| | കണ്ടറിയാനൊരു യാത്ര. വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം പ്രകൃതിയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | രക്ഷിതാക്കൾ |
| | പരീക്ഷണക്കളരി നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണക്കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണങ്ങളുടെ ശേഖരം - കുറിപ്പുകൾ ഉൾപ്പെടുത്തി | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്. | സയൻസ് ക്ലബ്ബ് |

| | | | |
|---|---|---|---|
| | മാസ്റ്റർ ചാർട്ട് | | |
| 2. ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കൽ, ആധുനിക ശാസ്ത്രജ്ഞന്മാരെക്കുറിച്ച് കാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കൽ. | ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം ഇവയുടെ അടിസ്ഥാനത്തിൽ വിവിധ ശാസ്ത്രജ്ഞന്മാരുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അദ്ധ്യാപിക നിരീക്ഷണം | ശാസ്ത്രജ്ഞന്മാർ, ഊർജ്ജതന്ത്രം, രസതന്ത്രം, ജന്തുശാസ്ത്രം. |
| | [illegible]<br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ ചാർട്ടുകൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രമേള സംഘടിപ്പിക്കുന്നു. | അദ്ധ്യാപിക വിലയിരുത്തും | ശാസ്ത്രജ്ഞന്മാർ, ഊർജ്ജതന്ത്രം ശാസ്ത്രജ്ഞന്മാർ |
| 3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | <u>വിസ്മയ യാത്ര</u><br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രതത്വങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അദ്ധ്യാപിക വിലയിരുത്തും | ശാസ്ത്രജ്ഞന്മാർ |
| | ശാസ്ത്ര <u>വിസ്മയച്ചുവർ</u><br>ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയച്ചുവർ ഒരുക്കുന്നു. | അദ്ധ്യാപിക വിലയിരുത്തും | ശാസ്ത്രജ്ഞന്മാർ |

| | | | | |
|---|---|---|---|---|
| | | ഓരോ ക്ലാസിലും നിർമ്മിക്കുന്നു.<br>മുഖാമുഖം<br>ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തുന്നു. ശാസ്ത്ര അറിവുകളുമായി ബന്ധപ്പെട്ട സംശയങ്ങൾ ചോദിച്ച് പോരായ്മ മനസ്സിലാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്രപരിപാടികൾ സംഘടിപ്പിക്കുന്നു.<br>ശുചിത്വം<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച ശാസ്ത്ര കോർണർ. | അദ്ധ്യാപക<br>ശിക്ഷ വർ<br>ഉം | ശാസ്ത്ര<br>ധ്യാപ<br>സഫലീ<br>കൃതം |
| 4. | പോരായ്മ ലികളായ വിദ്യാർത്ഥികളിൽ ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കൽ. | Atal Tinkering Laboratory പോലെയുള്ളവയുടെ സഹായത്തോടെ കുട്ടികൾക്ക് ശാസ്ത്രത്തിന് വഴിയൊരുക്കുന്ന 3D ഉപകരണങ്ങൾ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള ആകൃതികളും, അവയുടെ ഘടനകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ചുകൊടുക്കുന്നു. ഇന്റർനെറ്റ്, റോബോട്ടിക്സ് സാധ്യത ഉപയോഗിച്ചുള്ള നിർമ്മാണം. | അദ്ധ്യാപക ശാസ്<br>ത്ര വിദ്യാ<br>ർ ർ | ശാസ്ത്രാധ്യാ<br>പകർ | സഫലീ<br>കൃതം |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി
## ഹൈസ്കൂൾ

പൊതുവായ ലക്ഷ്യങ്ങൾ.

* സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
* ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി വിടവ് നികത്താൻ ശ്രമിക്കുന്നു.

Std - VIII

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| * അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും മനസ്സിലാക്കുവാനും പഠിപ്പിക്കുന്നു. | * അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. * ഓഡിയോ, വീഡിയോ സഹായത്തോടെ ഉച്ചാരണം കൃത്യതയോടെ പരിശീലിപ്പിക്കുന്നു. | രണ്ടുമാസം (ജൂൺ - ജൂലൈ) |
| * ആഴ്ചയിലെ ദിവസങ്ങൾ, മാസങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | സ്കൂളിലെ ഓരോ വിദ്യാർത്ഥിയുടെയും ജന്മദിനം, തീയതി ഇവ ഹിന്ദിയിൽ എഴുതുവാൻ പരിശീലിപ്പിക്കുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ. (18) |
| * ഹിന്ദി അനായാസം | | |

STD- 10

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെ<br>ടുത്തുക വഴി ലക്ഷ്യങ്ങളെ<br>ഭാഷ വസ്തുതകളുമായി<br>ബന്ധപ്പെട്ട പ്രവർത്തനങ്ങ<br>ൾ നടത്തുന്നു. | നാടകം വേദിയിൽ അവ<br>തരിപ്പിക്കുന്നു. സന്ദർഭോചി<br>തമായി സംഭാഷണം തയ്യാ<br>റാക്കുവാൻ പറയുന്നു | ജൂൺ-<br>ജൂലൈ |
| സാഹിത്യ അഭിരുചി വളർത്തു<br>ക, പരിശീലനങ്ങൾ<br>സമയത്ത് ഹിന്ദി ക്ലബ്ബ്<br>തലം വിദ്യാലയതലത്തിൽ<br>നടത്തുന്നു. കുട്ടികളുടെ<br>വിദ്യാഭ്യാസ നിലവാരം<br>ഉറപ്പാക്കുന്നു. | ചിത്രം ചൊല്ലൽ, കഥ,<br>കവിത, പോസ്റ്റർ<br>നിർമ്മാണം എന്നിവ<br>സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ്-<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ആശയങ്ങൾ വിവിധ<br>തരത്തിൽ ആവിഷ്കരി<br>ക്കുന്നു. കഥയെ തിരക്ക<br>ഥയായി മാറ്റുന്നു.<br>സ്വഭാവ സവിശേഷത<br>കഥാപാത്രത്തെ കുറിച്ച്<br>തയ്യാറാക്കുവാനറിയുന്നു.<br>ഡയറി തയ്യാറാക്കാൻ<br>അറിയുന്നു. | പാഠഭാഗത്തിലെ സന്ദർ<br>ഭങ്ങൾ നൽകുന്നു. കഥാ<br>പാത്രങ്ങളെ ആസ്പദ<br>മാക്കി ചരിത്രം കുറിപ്പ്<br>തയ്യാറാക്കുവാൻ പറയുന്നു.<br>ഫോട്ടോ, ദിവസവും ഡയറി<br>എഴുതുവാനുള്ള നിർദ്ദേശം<br>നൽകുന്നു. | (ഡിസംബർ)<br>നവംബർ<br>ജനുവരി. |

മേഖല - ഹൈസ്കൂൾ - സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 1) അത്ഭുത കണ്ണിലൂടെ: കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം. |
| | പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം. |
| 2) ശാസ്ത്ര ലോകത്തേക്ക്: നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ. |
| 3) ഹൈടെക് വേൾഡ്: മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം. | അക്കാദമിക വർഷം. |
| | സയൻസ് ലാബ് ആധുനിക വൽക്കരിക്കുന്നു. | അക്കാദമിക വർഷം. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| 4) ആയുർവേദ: പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം. |
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം. |
| 5) വൈജ്ഞാനിക മേഖലയിൽ സ്ഫുരണം: അന്വേഷണ ത്വര വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ. | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം. |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം. |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം. |

## മേഖല - ക്ലബ്ബുകൾ - സാമൂഹ്യശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്രബോധമുള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | [illegible] : ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ്ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. വർക്ക്ഷീറ്റുകൾ. സാമൂഹ്യശാസ്ത്രത്തിന് അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കണ്ടെത്തി ക്വിസ് ചോദ്യങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ വർക്ക്ഷീറ്റുകൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ നിശ്ചിത ദിവസങ്ങളിൽ | SS അധ്യാപകർ |
| 2 | സാമൂഹ്യശാസ്ത്രത്തിന് പഠിതാക്കളിൽ താല്പര്യം വളർത്തുക | സ്മാർട്ട് ക്ലാസ്. സാമൂഹ്യശാസ്ത്ര വീഡിയോകൾ പ്രദർശിപ്പിക്കുന്നു. ചരിത്ര കാഴ്ചകൾ, കുന്നുകൾ എന്നിവ ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | 1 വർഷം | SS അധ്യാപകർ |
| 3. | ഭൂപടവായന കുട്ടികളിൽ വളർത്തുക, ദിശ നിർണ്ണയം നടത്തുവാൻ പഠിതാക്കളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ചിത്രശാലയിലൂടെ - ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചയപ്പെടുത്തുന്നു. | 1 വർഷം | SS അധ്യാപകർ |
| 4. | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | [illegible] സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പോസ്റ്റർ രചന, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വിജ്ഞാനം പകർന്നു നൽകുക | 1 വർഷം | SS അധ്യാപകർ |

മേഖല : ഹൈസ്കൂൾ സോഷ്യൽ സയൻസ്

ക്ലബ്: സാമൂഹ്യശാസ്ത്ര ലൈബ്രറി [illegible]

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 5. | സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനയ്ക്ക് ഉതകുന്ന പുസ്തകങ്ങൾ ലിസ്റ്റുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രേറിയന്മാർ ലൈബ്രറി ഷെൽഫിൽ പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | വർഷത്തിൽ 1 തവണ<br>ആഴ്ചയിൽ 1 തവണ | SS Teacher |
| 6. | സോഷ്യൽ സയൻസ് മോക്ക് പാർലമെന്റ് | | | |
| | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക, പ്രചാരണം, ഐ.ഡി കാർഡ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് രീതിയിലൂടെ കുട്ടികൾ പാർലമെന്റ് രൂപീകരണം, തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ 1 തവണ | SS അദ്ധ്യാപകർ |
| 7 | മതേതരത്വം, ബഹുസ്വരത മൂല്യം വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുന്ന സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ: സർവ്വേ, ഫോട്ടോകൾ, ചർച്ചകൾ, സംവാദം ക്വിസുകൾ, സെമിനാറുകൾ ഇവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുക. | 1 വർഷം | SS അദ്ധ്യാപകർ |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear-** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Follow Me If You Can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Missing Man** അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Treasure Hunt** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

BioVision

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets - യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

**Learn Math, Live Math, Love Math**

## Vision

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

## Mission

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.

- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.

- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്– ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

HOD
Maths Department

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി,<br>പുസ്തകങ്ങൾ,<br>ഫോട്ടോകൾ,<br>പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രൈയിനർ, അധ്യാപകർ |